**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1954** **20-06-2024 - ൽ മറുപടിയ്ക്ക്**

**റെയിൽ മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2016-ൽ അറുപതോളം മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി കിഫ്ബി വഴി തുക വകയിരുത്തിയിട്ടും റെയിൽവെ അധികൃതരിൽ നിന്നും അനുമതി ലഭ്യമാകാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതെ വന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2016 ൽ ആർ.ബി.ഡി.സി.കെ യെ ഏൽപ്പിച്ചിട്ടുള്ള 18 ആർ.ഒ.ബി കളാണ്. ഇവയുടെ നിലവിലെ സ്ഥിതി താഴെ ചേർക്കുന്നു.<br><br>1) ഗതാഗതത്തിനു തുറന്നുകൊടുത്തത് - 1 എണ്ണം<br><br>2) നിർമ്മാണം പുരോഗമിക്കുന്നത് - 8 എണ്ണം<br><br>3) എഗ്രിമെന്റ് സ്റ്റേജ് - 1 എണ്ണം<br><br>4) ടെണ്ടർ സ്റ്റേജ് - 2 എണ്ണം<br><br>5) ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് - 4 എണ്ണം<br><br>6) GAD ക്ക് റെയിൽവേയിൽ നിന്നും അംഗീകാരം ലഭിക്കാനുള്ളത് - 2 എണ്ണം<br>റെയിൽവേ മേൽപ്പാലങ്ങളുടെ ജി.എ.ഡി ക്ക് റെയിൽവേയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഈ അംഗീകാരം ലഭിക്കാൻ വന്ന കാലതാമസം മേൽ പ്രവർത്തികളെ ബാധിച്ചിട്ടുണ്ട്. സിൽവർ ലൈൻ അലൈൻമെന്റ് വരുന്നതിന്റെ ഭാഗമായി ജി.എ.ഡി കളുടെ അംഗീകാരത്തിൽ വളരെ അധികം കാലതാമസം നേരിട്ടു. പിന്നീട് സിൽവർ ലൈൻ പദ്ധതി കണക്കിലെടുക്കാതെ മുന്നോട്ട് പോകാൻ നിർദ്ദേശം ലഭിച്ചു.<br><br>റെയിൽവേയുടെ എറണാകുളം ഷൊർണ്ണൂർ 30 ലൈന്റേയും, ഷൊർണ്ണൂർ-മംഗലാപുരം 3rd & 4th ലൈന്റേയും, ഷൊർണ്ണൂർ കോയമ്പത്തൂർ 3rd ലൈന്റേയും അലൈൻമെന്റ് റെയിൽവേ അന്തിമ തീരുമാനം ആക്കാത്തതിനാൽ ജി.എ.ഡിക്ക് റെയിൽവേയിൽ നിന്നുള്ള അംഗീകാരത്തിന് |

| | | | |
|---|---|---|---|
| | | | കാലതാമസം നേരിടുന്നുണ്ട്. കൂടാതെ നിലവിലെ റെയിൽവേ ലൈനുകളുടെ സ്പീഡ് 130 കി.മി ആയി വർദ്ധിപ്പിക്കുന്നതിനായി നിലവിലെ ലൈനിൽ വരുത്തേണ്ട മാറ്റത്തിന്റെ കാര്യത്തിലും റെയിൽവേ അന്തിമ തീരുമാനം എടുത്തിട്ടില്ല. നിലവിൽ റെയിൽവേ ജി.എ.ഡികൾ Research Designs and Standards Organisation (RDSO) അംഗീകൃത ഡ്രോയിങ്സ് പ്രകാരം മാത്രമേ തയ്യാറാക്കാൻ അനുവാദം ഉള്ളു. എന്നാൽ ഇപ്പോൾ സ്പെഷ്യൽ വെഹിക്കിൾ ലോഡിംഗിനായുള്ള ഡിസൈൻ പ്രകാരം ജി.എ.ഡി തയ്യാറാക്കുവാൻ റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ട്. സ്പെഷ്യൽ വെഹിക്കിൾ ലോഡിംഗ് കണക്കിലെടുത്ത് RDSO അംഗീകൃത ഡ്രോയിങ്സ് ഒന്നും നിലവിൽ ഇല്ല. ഇവ റെയിൽവേ തയ്യാറാക്കിയതിനു ശേഷം മാത്രമേ ജി.എ.ഡി കൾ തയ്യാറാക്കി റെയിൽവേയ്ക്ക് അംഗീകാരത്തിന് നൽകുവാൻ സാധിക്കുകയുള്ളു. ഇവ പദ്ധതിയുടെ പുരോഗതിയെ കാര്യമായി ബാധിക്കുന്നുണ്ട്. റെയിൽവേയിലെ ഉന്നത ഉദ്യോഗസ്ഥരുടെ തലത്തിൽ പല യോഗങ്ങൾ കൂടി ഈ വിഷയങ്ങൾക്ക് തീരുമാനം എടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2016 ൽ ആർ.ബി.ഡി.സി.കെ യെ ഏൽപ്പിച്ചിട്ടുള്ള 18 ആർ.ഒ.ബി കളാണ്. ഇവയുടെ നിലവിലെ സ്ഥിതി താഴെ ചേർക്കുന്നു.<br><br>1) ഗതാഗതത്തിനു തുറന്നുകൊടുത്തത് - 1 എണ്ണം<br><br>2) നിർമ്മാണം പുരോഗമിക്കുന്നത് - 8 എണ്ണം<br><br>3) എഗ്രിമെന്റ് സ്റ്റേജ് - 1 എണ്ണം<br><br>4) ടെണ്ടർ സ്റ്റേജ് - 2 എണ്ണം<br><br>5) ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് - 4 എണ്ണം<br><br>6) GAD ക്ക് റെയിൽവേയിൽ നിന്നും അംഗീകാരം ലഭിക്കാനുള്ളത് - 2 എണ്ണം<br>റെയിൽവേ മേൽപ്പാലങ്ങളുടെ ജി.എ.ഡി ക്ക് റെയിൽവേയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഈ അംഗീകാരം ലഭിക്കാൻ വന്ന കാലതാമസം മേൽ പ്രവർത്തികളെ ബാധിച്ചിട്ടുണ്ട്. സിൽവർ ലൈൻ അലൈൻമെന്റ് വരുന്നതിന്റെ ഭാഗമായി ജി.എ.ഡി കളുടെ അംഗീകാരത്തിൽ വളരെ അധികം കാലതാമസം നേരിട്ടു. പിന്നീട് സിൽവർ ലൈൻ |

| | | | |
|---|---|---|---|
| | | | പദ്ധതി കണക്കിലെടുക്കാതെ മുന്നോട്ട് പോകാൻ നിർദ്ദേശം ലഭിച്ചു.<br><br>റെയിൽവേയുടെ എറണാകുളം ഷൊർണ്ണൂർ 30 ലൈന്റേയും, ഷൊർണ്ണൂർ-മംഗലാപുരം $3^{rd}$ & $4^{th}$ ലൈന്റേയും, ഷൊർണ്ണൂർ കോയമ്പത്തൂർ $3^{rd}$ ലൈന്റേയും അലൈൻമെന്റ് റെയിൽവേ അന്തിമ തീരുമാനം ആക്കാത്തതിനാൽ ജി.എ.ഡിക്ക് റെയിൽവേയിൽ നിന്നുള്ള അംഗീകാരത്തിന് കാലതാമസം നേരിടുന്നുണ്ട്. കൂടാതെ നിലവിലെ റെയിൽവേ ലൈനുകളുടെ സ്പീഡ് 130 കി.മി ആയി വർദ്ധിപ്പിക്കുന്നതിനായി നിലവിലെ ലൈനിൽ വരുത്തേണ്ട മാറ്റത്തിന്റെ കാര്യത്തിലും റെയിൽവേ അന്തിമ തീരുമാനം എടുത്തിട്ടില്ല. നിലവിൽ റെയിൽവേ ജി.എ.ഡികൾ Research Designs and Standards Organisation (RDSO) അംഗീകൃത ഡ്രോയ്ങ്സ് പ്രകാരം മാത്രമേ തയ്യാറാക്കാൻ അനുവാദം ഉള്ളു. എന്നാൽ ഇപ്പോൾ സ്പെഷ്യൽ വെഹിക്കിൾ ലോഡിംഗിനായുള്ള ഡിസൈൻ പ്രകാരം ജി.എ.ഡി തയ്യാറാക്കുവാൻ റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ട്. സ്പെഷ്യൽ വെഹിക്കിൾ ലോഡിംഗ് കണക്കിലെടുത്ത് RDSO അംഗീകൃത ഡ്രോയ്ങ്സ് ഒന്നും നിലവിൽ ഇല്ല. ഇവ റെയിൽവേ തയ്യാറാക്കിയതിനു ശേഷം മാത്രമേ ജി.എ.ഡി കൾ തയ്യാറാക്കി റെയിൽവേയ്ക്ക് അംഗീകാരത്തിന് നൽകുവാൻ സാധിക്കുകയുള്ളു. ഇവ പദ്ധതിയുടെ പുരോഗതിയെ കാര്യമായി ബാധിക്കുന്നുണ്ട്. റെയിൽവേയിലെ ഉന്നത ഉദ്യോഗസ്ഥരുടെ തലത്തിൽ പല യോഗങ്ങൾ കൂടി ഈ വിഷയങ്ങൾക്ക് തീരുമാനം എടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ